എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
ഊർജ്ജപത്രിക
Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 6, ലക്കം 1| 2025 ജനുവരി 05

# നാഷണൽ എനർജി കൺസർവേഷൻ അവാർഡ് : കേരളം ജേതാക്കൾ




സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഊർജ്ജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ ഊർജ്ജ കാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിൽ കേരളത്തിന് പുരസ്കാരം ലഭിച്ചു. കാർഷിക രംഗം, വൈദ്യുത വിതരണരംഗം, ഗതാഗതം, വ്യവസായികരംഗം, വൻകിട കെട്ടിടങ്ങൾ, ഗാർഹിക മേഖല എന്നീ വിഭാഗങ്ങളിൽ ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും, ഈ മേഖലയിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഇതര സ്ഥാപനങ്ങളുടെ ധന സഹായത്തോടെ നടത്തിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും കണക്കിലെടുത്താണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്.

ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14 ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിലാണ് അവാർഡ് ദാന ചടങ്ങ് നടന്നത്. ഇന്ത്യൻ വൈസ് പ്രസിഡന്റ് ജഗ്ദീപ് ധൻകർ മുഖ്യാതിഥിയായിരുന്ന വേദിയിൽ, സംസ്ഥാനത്തിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ.ഹരികുമാർ, ഊർജ്ജ കാര്യക്ഷമത വിഭാഗം തലവൻ ജോൺസൺ ഡാനിയൽ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

ഇതോടൊപ്പം ബിൽഡിംഗ് മേഖലയിൽ ഉപവിഭാഗങ്ങളായ ഹോട്ടൽ, ഷോപ്പിംഗ് മാൾ എന്നീ മേഖലകളിൽ യഥാക്രമം കൊച്ചി ഗ്രാന്റ് ഹോട്ടൽ, തിരുവനന്തപുരം ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ പ്രൈവറ്റ് ലിമിറ്റഡ് എന്നിവ ഒന്നാം സ്ഥാനം നേടി. കൂടാതെ ഹോസ്പിറ്റൽ വിഭാഗത്തിൽ കോട്ടയം മേരിക്വീൻ മിഷൻ ഹോസ്പിറ്റൽ, ഷോപ്പിംഗ് മാൾ വിഭാഗത്തിൽ കൊച്ചി ഇടപ്പള്ളി ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ പ്രശംസാപത്രവും കരസ്ഥമാക്കി.

സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിൽ കണ്ണൂർ ചെറുകുന്ന് -ജി ജി വി എച്ച് എസ് എസി ലെ വരദ എം ആർ, കൊല്ലം എസ് എൻ ട്രസ്റ്റ് സെൻട്രൽ സ്കൂളിലെ ഗോപിക കണ്ണൻ എന്നിവർ സർട്ടിഫിക്കറ്റിന് അർഹരായി.



ഇ എം സി ഡയറക്ടർ ഡോ.ആർ.ഹരികുമാർ, ഊർജ്ജ കാര്യക്ഷമത വിഭാഗം തലവൻ ജോൺസൺ ഡാനിയൽ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു

# ഇ എം സിയിൽ ദേശീയ ഊർജ സംരക്ഷണ ദിനാചരണം

എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി) എ പി ജെ അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി (APJAKTU) യിലെ എൻ എസ് എസ് സെല്ലുമായി ചേർന്ന് ദേശീയ ഊർജ സംരക്ഷണ ദിനാചരണം ഡിസംബർ 14 ന് സംഘടിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) ആണ് ഈ ദിനം രാജ്യത്താകമാനം സംഘടിപ്പിക്കുന്നത്. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുക, ഊർജ്ജ കാര്യക്ഷമതയിലും സംരക്ഷണത്തിലും രാജ്യം കൈവരിച്ച നേട്ടങ്ങളുടെ അവതരണം, എല്ലാ മേഖലയിലും ഊർജ്ജ-കാര്യക്ഷമത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഈ ദിനാചരണത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.



ദേശീയ ഊർജ്ജ സംരക്ഷണ ദിനാചരണം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി വിനോദ് ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി വിനോദ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഇ.എം.സി ജോയിന്റ് ഡയറക്ടർ ദിനേശ്കുമാർ എ എൻ, രജിസ്ട്രാർ സുഭാഷ് ബാബു ബി വി, APJAKTU NSS സെൽ കോർഡിനേറ്റർ ഡോ. അരുൺ എം, APJAKTU NSS എനർജി സെൽ കോർഡിനേറ്റർ ആദിൽ നാസർ എന്നിവർ സന്നിഹിതരായി. ഊർജ്ജ സംരക്ഷണ പ്രതിജ്ഞ ഏറ്റെടുത്ത ചടങ്ങിൽ ബി ഇ ഇ അക്രഡിറ്റഡ് എനർജി ആഡിറ്റർ സുരേഷ് ബാബു ബി വി എഞ്ചിനീയറിങ് വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയൽ ആഡിറ്റിനെ പ്പറ്റിയുള്ള ക്ലാസ് നയിച്ചു.

# ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള IEFK 2025- ഒരുക്കങ്ങൾ പുരോഗമിക്കുന്നു




ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 7, 8, 9 തീയതികളിൽ തിരുവനന്തപുരത്ത് നടത്തപ്പെടുന്ന ഊർജ്ജ മേളയുടെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നവീന ഊർജ്ജ മാതൃകകളുടെ പ്രദർശനങ്ങൾ, ഊർജ്ജ മേഖലയിൽ ദേശീയ അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന പ്രമുഖർ, സ്ഥാപനങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങളുടെയും, നൂതനാശയങ്ങളുടെയും അവതരണങ്ങൾ, സെമിനാറുകൾ, ക്വിസ്, ബിസിനസ്സ് മീറ്റുകൾ തുടങ്ങിയ വിവിധ പരിപാടികൾ മേളയുടെ ഭാഗമായി നടക്കും. രാജ്യത്തിനകത്തും പുറത്തു നിന്നുമായി ആയിരത്തിലധികം പ്രതിനിധികൾ മേളയുടെ ഭാഗമാകും.

# 2024-ലെ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു

സംസ്ഥാനത്തെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരളസർക്കാർ ഏർപ്പെടുത്തിയ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു.

അവാർഡുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഊർജ്ജ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എനർജി മാനേജ്മെന്റ് സെന്ററാണ്. വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സംഘടനകൾ/സ്ഥാപനങ്ങൾ, ഊർജ്ജ ക്ഷമതയുള്ള ഉൽപ്പന്നങ്ങളുടെ പ്രമോട്ടർമാർ, ആർക്കിടെക്ചറൽ-ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസികൾ എന്നീ വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിച്ചത്.

അവാർഡിനായി ലഭ്യമായ അപേക്ഷകൾ സർക്കാർ നിയോഗിച്ച സംസ്ഥാനതല ജഡ്ജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിലയിരുത്തിയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. 2024 ൽ ആകെ 78 അപേക്ഷകരാണ് ഉണ്ടായിരുന്നത്. അവാർഡിനായി അപേക്ഷ നൽകിയവർ ആകെ 42.8 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും 60278.17 ടൺ ഇന്ധനവും ലാഭിച്ചു.

വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ എറണാകുളം ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (FACT) ,കോഴിക്കോട് പീകെ സ്റ്റീൽ കാസ്റ്റിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ അവാർഡ് ജേതാക്കളായി. ഒരു ലക്ഷം രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവുമാണ് സമ്മാനം. ഇടത്തരം ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ ആലപ്പുഴ വി കെ എൽ സീസണിംഗ് പ്രൈവറ്റ് ലിമിറ്റഡ് ജേതാക്കളായി. ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസും പ്രശസ്തി പത്രവുമാണ് സമ്മാനം. MRCMPU ലിമിറ്റഡ് മിൽമ വയനാട് ഡയറി ഈ വിഭാഗത്തിൽ പ്രശസ്തി പത്രത്തിനർഹരായി.

തൃശ്ശൂർ സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് ചെറുകിട ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ പ്രശസ്തി പത്രം കരസ്ഥമാക്കി. മാർ സ്ലീവ മെഡിസിറ്റി പാലാ, കെട്ടിടങ്ങളുടെ വിഭാഗത്തിലും, കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ് സംഘടനകൾ/ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിലും ജേതാക്കളായി. ഒരു ലക്ഷം രൂപ ക്യാഷ് പ്രൈസും പ്രശസ്തി പത്രവുമാണ് സമ്മാനം. കേരള വാട്ടർ അതോറിറ്റി ഈ വിഭാഗത്തിൽ പ്രശസ്തി പത്രം നേടി.

ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ പ്രമോട്ടർമാർ എന്ന വിഭാഗത്തിൽ 50000 രൂപയും അവാർഡും നേടി വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, എറണാകുളം ജേതാവായി. ഇതേ വിഭാഗത്തിൽ ഹൈക്കോൺ ഇന്ത്യ ലിമിറ്റഡ്, തൃശ്ശൂർ പ്രശസ്തി പത്രത്തിനർഹരായി. ആർക്കിടെക്റ്റ്സ് & ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസികൾ എന്ന വിഭാഗത്തിൽ F5 സസ്റ്റൈനബിലിറ്റി കൺസൾട്ടന്റ്, എറണാകുളം പ്രശസ്തി പത്രം നേടി.



# ഉണർവ് @75 വിദ്യാലയങ്ങൾ

ഇ എം സി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉള്ള ഊർജ്ജ സംരക്ഷണ അവബോധ പരിപാടിയായ ഉണർവ്വ് 2024 ഡിസംബർ 7 -ാം തീയതി എനർജി മാനേജ്മെന്റ് സെന്റർ ഓഡിറ്റോറിയത്തിൽ നടത്തുകയുണ്ടായി. ഈ വിദ്യാഭ്യാസ വർഷത്തിൽ ഉണർവ്വ് പരിപാടിയിൽ പങ്കെടുക്കുന്ന 75-ആം വിദ്യാലയമായ പട്ടം ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡ് മെമ്പർ ഡോ. കെ രവിരാമൻ പരിപാടി ഉദ്ഘാടനം ചെയ്തു, വിദ്യാലയങ്ങൾക്കുള്ള ഉണർവ്വ് ബോർഡ് വിതരണവും നടത്തി. ഡോ. ആർ ഹരികുമാർ, ഡയറക്ടർ, ഇ എം സി ആമുഖ പ്രഭാഷണം നടത്തി. ശ്രീമതി സിന്ധു എസ് കുമാർ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർ ഇ എം സി, മെഹബൂബ് പ്രോഗ്രാം കോഡിനേറ്റർ എന്നിവർ സംസാരിച്ചു. സുഭാഷ് ബാബു രജിസ്ട്രാർ, ഇ എം സി നന്ദിയും പ്രകാശിപ്പിച്ചു. കുമാരി നീനു മറിയം സോളമൻ പ്രോജക്ട് എൻജിനീയർ ഇ എം സി ഊർജ്ജ സംരക്ഷണ അവബോധ ക്ലാസ്സ് നടത്തി.

ഡിസംബർ മാസത്തിൽ ഇ.എം.സിയിൽ നടന്ന വിവിധ പരിപാടികളിലായി 4 വിദ്യാലയങ്ങളിൽ നിന്നായി 260 വിദ്യാർഥികളും അദ്ധ്യാപകരും പങ്കെടുത്തു. പാലക്കാടുള്ള പരിഷദ് പ്രൊഡക്ഷൻ സെൻററിൽ നടന്ന പരിപാടിയിൽ 50 വിദ്യാർഥികളും അദ്ധ്യാപകരും പങ്കെടുത്തു.

# ദേശീയ ഊർജ്ജസംരക്ഷണ ദിനം ആചരിച്ചു

എനർജി മാനേജ്മെൻറ് സെന്ററിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ദേശീയ ഊർജ്ജസംരക്ഷണ ദിനം ആചരിച്ചു. കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) ആണ് രാജ്യത്താകമാനം ഈ ദിനാചരണം സംഘടിപ്പിക്കുന്നത്. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുക, ഊർജ്ജ കാര്യക്ഷമതയിലും സംരക്ഷണത്തിലും രാജ്യം കൈവരിച്ച നേട്ടങ്ങളുടെ അവതരണം, എല്ലാ മേഖലയിലും ഊർജ്ജ-കാര്യക്ഷമത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഈ ദിനാചരണത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ശാസ്ത്രരംഗം കോഓർഡിനേറ്റർമാർ മുഖാന്തരം പൊതുജനങ്ങളെയും സ്കൂൾ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി 2024 ഡിസംബർ 14ന് ദിനാചരണം നടത്തി. ഇതോടൊപ്പം, കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കെ.ടി.യു. സർവ്വകലാശാലകളിലും ബന്ധപ്പെട്ട യൂണിവേഴ്സിറ്റി കോർഡിനേറ്റർമാർ മുഖാന്തരം വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി 2024 ഡിസംബർ 16ന് ദിനാചരണം നടത്തി. പരിപാടികളിൽ ജനപ്രതിനിധികൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതാധികാരികൾ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എഞ്ചിനിയർമാർ എന്നിവർ അധ്യക്ഷത വഹിച്ചു. ദിനാചരണത്തോടനുബന്ധിച്ച് പങ്കെടുത്തവർ ഊർജ്ജ സംരക്ഷണ പ്രതിജ്ഞയും എടുത്തു.





# എനർജി കോൺഗ്രസ് സംഘടിപ്പിച്ചു



എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ പ്രസംഗിക്കുന്നു

എനർജി കൺസർവേഷൻ സൊസൈറ്റി, എനർജി മാനേജ്മെന്റ് സെന്റർ, തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ടെലി കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്(ഐ.ഇ.ടി.ഇ.) എന്നിവരുടെ സഹകരണത്തോടെ ഇ എം സി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച, ആറാമത് ഊർജ്ജ കോൺഗ്രസ് വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം പ്രിൻസിപ്പൽ ഡോ. സുരേഷ്കുമാർ മുഖ്യപ്രഭാഷണം നടത്തി. ഇ സി എസ് പ്രസിഡന്റ് ഡോ. കെ. സോമൻ കെ എസ് ഇ ബി എഞ്ചിനീയർ നൗഷാദ്, ഡോ. ബി ജി ശ്രീദേവി, ബേബി കുര്യാക്കോസ്, എന്നിവർ സംസാരിച്ചു. എനർജി കോൺഗ്രസിനോടാനുബന്ധിച്ചു നടത്തിയ പാനൽ ചർച്ചയിൽ ഡോ. വിവേക് കെ, ജോൺസൺ ഡാനിയേൽ, ഡോ. രഘു രാംദാസ്, എം എ, ഇജാസ്, ഡോ.കെ. സോമൻ എന്നിവർ പങ്കെടുത്തു. ഡോ. ജോൺസൺ വൈ മോഡറേറ്റർ ആയി. സെമിനാറിൽ ബയോ ഫ്യൂൽ എന്ന വിഷയത്തിൽ ഡോ. ബൈജു ബഷീർ, ഹരിത കെട്ടിടങ്ങൾ എന്ന വിഷയത്തിൽ ഡോ. ബി ജി. ശ്രീദേവി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256